(ബി) നാഷണൽ കോവാപ്പറേറീവ് ഡവലപ്പ്മെൻറ് കാപ്പ്റേഷൻ, കോവാപ്പറേറീവ് മാർക്കറിംഗിനെ സംബന്ധിച്ച പ്രശ്നങ്ങൾ പരിശോധിക്കുന്നതിനായി നിയോഗിച്ചതായ പഠനസംഘം താമസിയാതെ ഇവിടെയെത്തി പഠനം തുടങ്ങുന്നതാണ്.

(സി) കാപ്പിയുടെ സംഭരണവും, വിപണനവും ഇൻഡ്യൻ കാഫി ബോർഡാണ നടത്തുന്നത്. അതിനാൽ ഈ പഠനസംഘത്തിനു് ഇതിലൊന്നും ചെയ്യാനില്ല.

(ഡി) ഇല്ല. 1962-63 വർഷത്തിൽ ഉല്പാദകർക്കുള്ള വില മുഴുവനും തിട്ടപ്പെടുത്തിയിട്ടില്ലെന്നാണറിയുന്നത്.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : കാർഷിക വിളകളെ സംബന്ധിച്ചും, വാണിജ്യവിളകളെ സംബന്ധിച്ചും ഗവണ്മെൻറ് അനാസ്ഥാഭാവം കൈക്കൊള്ളുന്നതെന്നും, അവരുടെ ഇടയിലുള്ള കൊള്ളലാഭത്തെ തടയുന്നതിനുള്ള കാര്യം ഗവണ്മെൻറ് ശ്രദ്ധയിൽ എടുക്കേണ്ടതാണെന്നും കരുതുന്നുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : കാപ്പിയുടെ കാര്യത്തിലുള്ള കൺട്രോളും മറ്റും ഇൻഡ്യൻ കാഫി ബോർഡാണ നടത്തുന്നത്. സംസ്ഥാന ഗവണ്മെൻറിനു് ഇതിൽ കൂടുതലൊന്നും ചെയ്യാനില്ല.

ഡാ : കെ. എം. ചാക്കോ : പുതിയതെലത്തിനു് ഇപ്പോഴും ഈ സഹായമൊന്നും ചെയ്യാത്തതുകൊണ്ടു് കൃഷിക്കാർക്കു് ബുദ്ധിമുട്ടുള്ളകാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : പ്രാഥമ്യം കാപ്പിയെ സംബന്ധിച്ചുള്ളതാണു്. ഇപ്പുഞ്ചിൽതൈലത്തിൻെറ കാര്യം ഇതിൽ വരുന്നില്ല. എങ്കിലും ചോദിച്ച സ്ഥിതിക്കു് മറുപടി പറയുകയാണു്. ഇഞ്ചിപ്പുൽതൈലത്തിൻെറ കാര്യം കേന്ദ്രഗവണ്മെൻറിനെ അറിയിക്കുന്നുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പ് : മദ്ധ്യവർത്തികളും കൊള്ളലാഭം എടുക്കുന്നതു തടയാൻ മാർക്കറിംഗ് സൊസൈറ്റികളും പ്രവർത്തിക്കുന്നുണ്ടെന്നു പറഞ്ഞു. പല മാർക്കറിംഗ് സൊസൈറ്റികളും വളരെ കാര്യക്ഷമതയില്ലാതെയാണു് പ്രവർത്തിക്കുന്നതെന്നും ഈ പദ്ധതിക്കാലത്തു് അനുവദിച്ച ഷെയർ മൂലധനം വാങ്ങുവാൻ പോലും ചില സൊസൈറ്റികൾക്കു് ത്രാണി ഉണ്ടായിരുന്നില്ലെന്നും ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : അതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്. കഴിയുന്ന വേഗത്തിൽ അതു് കുറെക്കൂടി 'സ്ട്രെങ്തൻ' ചെയ്യുവാൻ കഴിയുമെന്നു വിചാരിക്കുന്നു.

ശ്രീ. ഈ. പി. ഗോപാലൻ : കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി മാർക്കറിംഗ് സൊസൈറ്റി മുഖാന്തിരം ഉല്പാദകർ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾക്കു ന്യായമായ വിലയ്ക്കു വിറ്റു് പണംകൊടുക്കുക എന്ന സമ്പ്രദായം മലബാർ ഭാഗത്തു് ഉണ്ടായിരുന്നില്ലെന്ന വസ്തുതയെ പരിഗണിച്ചു് ഈ കൃഷിക്കാർക്കു് അതാതു സമയത്തു് അവരുടെ ഉല്പന്നങ്ങൾക്കു് വില കിട്ടുവാനുള്ള മാർഗ്ഗം എന്തെങ്കിലും ഉണ്ടാക്കാമോ ?

ശ്രീ. ഈ. പി. പൗലോസ് : സ്റ്റേറ്റു ഗവണ്മെൻറു ഇതു സംബന്ധിച്ചു ചെയ്തിട്ടുള്ള കാര്യങ്ങളാണു് ഞാൻ പറഞ്ഞതു്. കാഫി ബോർഡാണു് ഇതു സംബന്ധിച്ചു കൂടുതലായി പ്രവർത്തിക്കുന്നതു്. അവർ പ്രവർത്തിക്കുന്നതു് ഒരു ആക്ടിൻെറ അടിസ്ഥാനത്തിലാണു്. ആ ആക്ടിൻെറ കാലാവധി ഇപ്പോഴും കഴിഞ്ഞിരിക്കുകയാണു്, അതുകൊണ്ടു് കേരളമൊട്ടുക്കു് ബാധകമാകുന്ന തരത്തിൽ പുതുതായി ഒരു നിയമം കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടു്.

വെറ്ററിനറി ഡിസ്പെൻസറികൾ

* 156. [12] ശ്രീ. എം. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവികസനമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിൽ എത്ര വെറ്ററിനറി ഡിസ്പെൻസറികളുടെ പണി പൂർത്തിയാകും;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോന്നി ബ്ലോക്കിലുള്ള വെറ്ററിനറി ഡിസ്പെൻസറിയുടെ പണി എന്നത്തേക്കു് ആരംഭിക്കാമെന്നു കരുതുന്നു?

ക്ഷീരവികസനമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

(എ) നാലു് ആശുപത്രികളുടെയും, ഒരു ഡിസ്പെൻസറിയുടെയും പണി പൂർത്തിയായിട്ടുണ്ടു്. കൂടാതെ മറ്റു നാലു ആശുപത്രിക്കെട്ടിടങ്ങളുടെ പണിയും പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

(ബി) 1964 മാർച്ചിൽ ആരംഭിക്കാമെന്നു കരുതുന്നു.

ശ്രീ. എം. സി. ഏബ്രഹാം : മിക്ക ഡിസ്പെൻസറികളിലും ഡാക്ടർമാരില്ലെന്നു പരാതിയുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : ഉണ്ടു്. ഈ കാര്യത്തെപ്പറ്റി ഗവണ്മെൻറു പരിശോധിച്ചുകൊണ്ടിരിക്കുകയാണു്. ബ്ലാക്കുകളിലുള്ള എല്ലാ ആശുപത്രികളിലും, ഡിസ്പെൻസറികളിലും ഡാക്ടർമാരെ വയ്ക്കുവാൻ കഴിയുമോ എന്നകാര്യം ഗവണ്മെൻറു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ബ്ലാക്കു് ഹെഡു് ക്വാർട്ടേഴ്സു്, പ്രൈമറി ഹെൽത്തു് സെൻറേഴ്സു്, വെറ്ററിനറി സെൻറേഴ്സു് ഇവയുടെ പണി അടിയന്തിരസ്ഥിതി പരിഗണിച്ചു് നിറുത്തി വയ്ക്കുന്നുണ്ടോ? ഈ പണികൾ തുടർന്നു നടത്തുവാൻ നടപടി എടുക്കുമോ ?

ശ്രീ. ഈ. പി. പൗലോസു് : വെറ്ററിനറി ഡിസ്പെൻസറിയുടെ പണി ആരംഭിക്കുന്ന കാര്യമാണു് ഞാൻ പറഞ്ഞതു്. മറ്റു കാര്യങ്ങളെപ്പറ്റി ഇപ്പോൾ പറയുക സാദ്ധ്യമല്ല.

കല്ലാർ കോളനി

* 157. [13] ശ്രീ. എൻ. ഗോപാലകുറുപ്പു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി സ്കീമിൻറെ ഭാഗമായി കല്ലാർ കോളനിക്കു് താഴെ ഒരു അണകെട്ടാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻറെഫലമായി കല്ലാർ കോളനിയിലെ എത്ര കുടുംബങ്ങളെ മാറ്റിത്താമസിപ്പിക്കേണ്ടി വരും ;

(സി) അങ്ങനെ മാറ്റിത്താമസിപ്പിക്കേണ്ട കുടുംബങ്ങൾക്കു് അവരുടെ കൈവശഭൂമിയിൽ അവർ ഉണ്ടാക്കിയിട്ടുള്ള ദേഹണ്ഡങ്ങൾക്കു ന്യായമായപ്രതിഫലം കൊടുക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) കല്ലാർ ജലം തിരിച്ചുവിടുന്നതു് സംബന്ധിച്ചുള്ള അന്വേഷണം നടന്നുവരുന്നതേയുള്ളൂ. അതുകൊണ്ടു് അണക്കെട്ടിൻറെ സ്ഥാനം എവിടെയായിരിക്കുമെന്നു ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. ഗോപാലകുറുപ്പു് : എറണാകുളത്തുവച്ചു് വിദ്യുച്ഛക്തിയുടെ ചാർജു് വഹിക്കുന്ന ആഭ്യന്തരമന്ത്രി ഇതു സംബന്ധിച്ചു് ചെയ്ത പത്രപ്രസ്താവനപ്രകാരം കോളനിയിലേയും, കല്ലാർ കോളനിയിലേയും നിവാസികളിൽ വലിയ ഉൽക്കണ്ഠ ഉളവാക്കിയിട്ടുണ്ടെന്നുള്ള വസ്തുത മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അതു് ശ്രദ്ധയിൽ പെട്ടിട്ടില്ല. അവിടെ ഒന്നോ രണ്ടോ സ്ഥലത്തെ അണക്കെട്ടുകളെപ്പറ്റിയുള്ള ആലോചനകളെല്ലാം പൂർത്തിയായി. ഒരു സ്ഥലത്തെ അണക്കെട്ടുകൊണ്ടു് കോളനി നിവാസികൾക്കു് ബുദ്ധിമുട്ടുണ്ടാകും എന്നു് കണ്ടതുകൊണ്ടു് അതു് ഒഴിവാക്കുവാനാണു് ആലോചിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly